(സി) പ്രതികളുടെ പേരിൽ ഏതൊക്കെ വകുപ്പുകൾ പ്രകാരമുള്ള കേസുകളാണ് ചാർജ്ജ് ചെയ്തിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ശ്രീ.ടി.കെ.ബാലൻ, ശ്രീ.എം.വി. ജയരാജൻ എന്നീ എം.എൽ. എ. മാർക്ക് പരിക്കേറ്റിട്ടുണ്ട്.

(ബി) ഇത് സംബന്ധിച്ച് പുതുക്കുടി ഗംഗാധരൻ, എം.പി.നാണു എന്നീ രണ്ടു പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

(സി) പ്രതികളുടെ പേരിൽ കൂത്തുപറമ്പ് പോലീസ് സ്റ്റേഷനിൽ ഐ.പി.സി. വകുപ്പുകൾ 143,147,149, കൂട്ടിച്ചേർത്ത് വായിച്ച് 307 എന്നിവ പ്രകാരവും എക്സ്പ്ലോസീവ് സബ്സ്റ്റൻസ് ആക്റ്റ് വകുപ്പുകൾ 3,5 എന്നിവ പ്രകാരവും ആണ് ക്രൈം നമ്പർ 485/2000 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.

74 (92) പന്നിയൂർ പ്രദേശത്തെ കലാപം

ശ്രീ.കെ.സി.ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2000 നവംബർ 11-ന് രാത്രി തളിപ്പറമ്പ് പോലീസ് സ്റ്റേഷൻ അതിർത്തിയിൽപ്പെട്ട പന്നിയൂർ പ്രദേശത്ത് മുപ്പതോളം വീടുകളും വസ്തു വകകളും മറ്റും തകർത്തതായ പരാതിയിൻ മേൽ എന്തു നടപടി സ്വീകരിച്ചു വെന്ന് വെളിപ്പെടുത്തുമോ;

(ബി) വീട് നശിപ്പിക്കപ്പെട്ട ഓരോ വ്യക്തിയുടേയും പേര് വിവരവും ഓരോരുത്തർക്കും ഉണ്ടായ നാശനഷ്ടത്തിന്റെ കണക്കും വെളിപ്പെടുത്തുമോ;

(സി) ചില വീടുകളും റേഷൻകടയും മറ്റും തീവച്ച് നശിപ്പിച്ചതായ വസ്തുവകകൾ കൊള്ളയടിച്ചതായും ഉള്ള പരാതി പോലീസിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കേസിലെ പ്രധാനപ്രതികൾ ആരെല്ലാമാണ്; ഇവരെ അറസ്റ്റ് ചെയ്തോ;

(ഇ) ഇവരെ കോടതിയിൽ ഹാജരാക്കിയോ; ഇല്ലെങ്കിൽ കാരണമെന്താണ്?

ഉത്തരം

(എ-ഇ) പ്രസ്തുത പരാതിയിൻമേൽ കേസ് രജിസ്റ്റർ ചെയ്തന്വേഷിച്ചിരുന്നു. കൃത്യമായ നഷ്ടം കണക്കാക്കിവരുന്നതേയുള്ളൂ. കേസ്സിലെ പതിനൊന്ന് പ്രതികളെ അറസ്റ്റുചെയ്തു കോടതിയിൽ ഹാജരാക്കിയിട്ടുണ്ട്. കേസന്വേഷണം ത്വരിതപ്പെടുത്തുവാൻ കണ്ണൂർ എസ്.പി.ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

75 (93) ജയരാജൻ വധശ്രമം

ശ്രീ.ജി.കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly